"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. (ഗണിതം) ശ്രീമതി കലാറാണി ആർ. ഫയൽ ചെയ്ത റിട്ട് ഹർജി 2070/2026 മേലുള്ള 22.01.2026-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.5139/2026/GEDN തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. റിട്ട് ഹർജി 2070/2026 മേലുള്ള 22/01/2026-ലെ വിധിന്യായം.
2. ശ്രീമതി.കലാറാണി. ആർ സമർപ്പിച്ച 20/01/2026 ലെ നിവേദനം (Ext. P6)
3. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം) 26.02.2026, 18.03.2026 എന്നീ തീയതികളിലെ RDDHSE/TVM/1355/2024-TRO-06 നമ്പർ കത്തുകൾ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05.05.2026 ലെ എച്ച്.എസ്.ഇ/1933/2024/എസിഡി ബി3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിൽ എച്ച് എസ് എസ് ടി (മാത്സ്) ആയ ശ്രീമതി.കലാറാണി ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 2070/2026 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 22.01.2026 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ചുമതലപ്പെടുത്തിയത് പ്രകാരം ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ട കക്ഷികളെയും 07.03.2026 ന് കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയുടെ വാദങ്ങൾ:-**

പരാതികാരി ഉഴമലയ്ക്കൽ എസ്.എൻ.എച്ച്.എസ്.എസിൽ മാനേജരുടെ 03-06-1996 ലെ ഉത്തരവ് പ്രകാരം 14-07-1995 മുതൽ യു.പി.എസ്.റ്റി. ആയി സർവ്വീസിൽ പ്രവേശിച്ച് 03-06-1996 മുതൽ നിയമനം അംഗീകരിച്ച് തുടർന്നു വരവെ 01-06-1998 മുതൽ എച്ച്.എസ്.റ്റി. ആയി സ്ഥാനകയറ്റം ലഭിച്ച നിയമനവും അംഗീകരിച്ചിരുന്നു. ഇപ്രകാരം എച്ച്.എസ്.റ്റി. (ഗണിതം) ആയി നിയമനാംഗീകാരത്തോടെ തുടർന്നുവരവെ 2000-2001 വർഷത്തിൽ ഉഴമലയ്ക്കൽ എസ്.എൻ.എച്ച്.എസ് നെ ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 16-04-2001 ലെ

G.O.(P)No.144/2001/G.Edn നമ്പർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറിക്ക് സ്പെഷ്യൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് 13-05-1998 ലെ G.O.(Ms) No.162/98/G.Edn നമ്പർ ഉത്തരവ് പ്രകാരം നടപ്പാക്കിയ ഹയർ സെക്കണ്ടറി സ്കൂൾ നിയമന രീതിയായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. 13-05-1998 ലെ ഈ ഉത്തരവ് പ്രകാരം സർക്കാർ ഹൈസ്കൂളിലെയും എയഡഡ് ഹൈസ്കൂളുകളിലെയും യോഗ്യരായ അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക തസ്തികയിൽ 25 ശതമാനം നിലവിലെ ഹൈസ്കൂൾ/പ്രൈമറി അദ്ധ്യാപകർക്കായി മാറ്റിവച്ചിരുന്നു. ബാക്കി 75 ശതമാനം നേരിട്ടുള്ള നിയമനവും നടത്തണമെന്നതായിരുന്നു.

ഹയർ സെക്കന്ററി അദ്ധ്യാപക യോഗ്യത സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നത് ബന്ധപ്പെട്ട വിഷയത്തിൽ 50 ശതമാനം മാർക്കിൽ കുറയാതെ ബിരുദാനന്തര ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ അല്ലെങ്കിൽ അതേ ഗ്രൂപ്പിൽ ബി.എഡ്ഡും സെറ്റു യോഗ്യതയുമായിരുന്നു. എന്നാൽ ചില വിഷയങ്ങൾ ഉദാഹരണമായി കോമേഴ്സിന് ബി.എഡ് പാസാകുന്നതിന് സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം സമയം അനുവദിച്ചിരുന്നു. ശ്രീമതി.കലാറാണി സർവ്വീസിൽ പ്രവേശിക്കുമ്പോൾ തന്നെ മാത്സിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്കോടെ ബിരുദാന്തര ബിരുദവും ബി.എഡ്ഡും നേടിയിരുന്നു. കൂടാതെ 10-06-2000 -ൽ നടത്തിയ സെറ്റ് പരീക്ഷ പാസാവുകയും ചെയ്തിരുന്നു. എന്നാൽ സെറ്റ് പരീക്ഷയുടെ റിസൾട്ട് പ്രഖ്യാപിച്ചപ്പോൾ സെറ്റ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ ഉണ്ടായ അപാകത കാരണം ശ്രീമതി.കലാറാണിയുടെതായ കുറ്റംകൊണ്ടല്ലാതെ യഥാസമയം സെറ്റ് പരീക്ഷ പാസായ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. സെറ്റ് പരീക്ഷ പാസായ സർട്ടിഫിറ്റ് ലഭിച്ചത് 07-03-2001 ൽ മാത്രമായിരുന്നു. പക്ഷേ പരീക്ഷ തീയതി 10-06-2000 ആയിരുന്നു.

26-07-2000 - ലെ G.O.(MS)No.241/2000/G.Edn നമ്പർ ഉത്തരവ് പ്രകാരം ഉഴമലയ്ക്കൽ എസ്.എൻ.എച്ച്.എസ്.എസ് - യിൽ 2 സയൻസ് ബാച്ചും 1 ഹ്യുമാനിറ്റീസ് ബാച്ചും അനുവദിച്ച് ഹയർ സെക്കണ്ടറി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. 2 സയൻസ് ബാച്ചുകൾ ഉണ്ടായിരുന്നതിനാൽ 2000-2001 ൽ ഒരോ, എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തിക മാത്സിനും, ഫിസിക്സിനും കെമിസ്ട്രിക്കും ഇംഗ്ലീഷിനും അനുവദിച്ചിരുന്നു. മറ്റ് വിഷയങ്ങൾക്കെല്ലാം 2000-2001 ൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയാണ് അനുവദിച്ചിരുന്നത്. 2001 -2002 ൽ മാത്സിന് 1 എച്ച്.എസ്.എ.റ്റി. സീനിയർ തസ്തികയും ഒരു എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയും അനുവദിച്ചു. എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ നിയമനം നടത്തേണ്ടത് 1:3 എന്ന റേഷ്യോയിൽ ആദ്യത്തെ എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തിക ബൈട്രാൻസ്ഫർ നിയമനത്തിനും അടുത്തത് നേരിട്ടുള്ള നിയമനത്തിനുമായിരിക്കണം. എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികകളായി ഫിസിക്സ്, കെമിസ്ട്രി, മാത്സ്, ഇംഗ്ലീഷ് ഉം അനുവദിച്ചപ്പോൾ ഈ വിഷയങ്ങളിൽ എച്ച്.എസ്.എസ്.റ്റി. സീനിയർ ആയി നിയമിക്കുവാൻ ശ്രീമതി.കലാറാണി മാത്രമേ യോഗ്യതയുള്ള അദ്ധ്യാപികയായി ഹൈസ്കൂൾ വിഭാഗത്തിലും യു.പി. വിഭാഗത്തിലുമായി ഉണ്ടായിരുന്നുള്ളു. പൊളിറ്റിക്കൽ സയൻസ്, ചരിത്രം, എക്കണോമികസ്, മലയാളം, ഹിന്ദി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങൾക്ക് 2000-2001 ൽ ജൂനിയർ തസ്തികയാണുണ്ടായിരുന്നത്. എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിൽ ഒന്നാമത്തെയും അഞ്ചാമത്തെയും, നിയമനങ്ങൾ ഹൈസ്കൂളിലെ യോഗ്യരായ അദ്ധ്യാപകരെ ബൈട്രാൻസ്ഫർ മുഖാന്തിരം നിയമിക്കുമ്പോൾ ആദ്യ എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ മാത്സ് അദ്ധ്യാപികയായ

ശ്രീമതി.കലാറാണിയെ ആയിരുന്നു നിയമിക്കേണ്ടിയിരുന്നത്. എന്നാൽ മാനേജർ 2000-2001 ലെ ജൂനിയർ തസ്തികകളായി അനുവദിച്ച് 2001-2002 ൽ സീനിയർ തസ്തികകളായ മലയാളം, പൊളിറ്റിക്കൽ സയൻസ്, സുവോളജി എന്നീ തസ്തികകളാണ് ബൈട്രാൻസ്ഫർ നിയമനത്തിനായി നല്കിയത്.

എച്ച്.എസ്.എസ്.റ്റി (മാത്സ്) ബൈട്രാൻസ്ഫർ മുഖാന്തിരം നിയമനം നടത്തേണ്ടിയിരുന്ന തസ്തികയിൽ എച്ച്.എസ്.എസ്.റ്റി. സീനിയറായി നേരിട്ട് ശ്രീ.രഞ്ജു എം. കുമാറിന് 30-08-2000 മുതൽ നിയമിക്കുകയാണ് ചെയ്തത്. അതായത് 09-08-2000 ൽ ആകെ അനുവദിച്ച എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ ഹൈസ്കൂൾ വിഭാഗത്തിൽ നിന്നോ പ്രൈമറി വിഭാഗത്തിൽ നിന്നോ ബൈട്രാൻസ്ഫർ ആയി ആരെയും നിയമിച്ചിട്ടില്ല. യഥാസമയം സെറ്റ് പരീക്ഷ സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലായിരുന്നു ശ്രീമതി കലാറാണിക്ക് 09-08-2000 മുതൽ എച്ച്.എസ്.എസ്.റ്റി. ആയി നിയമനം ലഭിക്കാതിരുന്നത്. എന്നാൽ 30-08-2000 മുതൽ എച്ച്.എസ്.എസ്.റ്റി. സീനിയർ ആയി നിയമനം ലഭിച്ച ശ്രീ. രഞ്ജു എം. കുമാറിന്റെ തസ്തികയിൽ 09-08-2000 മുതൽ ശ്രീമതി.കലാറാണിയുടെ സർവ്വീസ് ക്രമീകരിക്കേണ്ടതായിരുന്നു. എന്നാൽ നിരവധി അപേക്ഷകൾ മാനേജ്മെന്റിന് നല്കിയിട്ടും അപ്രകാരം നിയമനം ക്രമീകരിച്ചില്ല.

തുടർന്ന് ശ്രീമതി.കലാറാണി സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ 04-09-2001 മുതൽ ശ്രീമതി.കലാറാണിയെ എച്ച്.എസ്. എസ്.റ്റി. (ജൂനിയർ) മാത്സ് ആയി നിയമിച്ചു. ഈ നിയമനം 25-06-2007 ലെ B5/3224/HSE/07 നമ്പർ ഉത്തരവ് പ്രകാരം 20-11-2004 ലെ G.O.(MS) No. 351/04/G.Edn നമ്പർ ഉത്തരവിന്റെ ആനുകൂല്യം നല്കി എച്ച്.എസ്.എസ്.റ്റി. യുടെ സ്കെയിലായ 6675-10550 രൂപയിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയി അംഗീകരിച്ചു. 20-11-2004 ലെ ഉത്തരവ് പ്രകാരം ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവർക്ക് ഫുൾടൈം സ്കെയിലായിരുന്നു അനുവദിച്ചിരുന്നത്.

2000-2001 - ൽ ടി സ്കൂൾ ഹയർ സെക്കണ്ടറി സ്കൂളായി അപഗ്രേഡ് ചെയ്തതിനുശേഷം 09-08-2000 മുതൽ സീനിയോറിട്ടി പ്രകാരമായിരുന്നു ഓരോ വിഷയത്തിനും അദ്ധ്യാപകരെ ബൈട്രാൻസ്ഫർ ആയി നിയമിക്കേണ്ടിയിരുന്നത്. ഏറ്റവും സീനിയർ മോസ്റ്റായിരുന്ന ശ്രീമതി ബി. ലതാംബികയെ എച്ച്.എസ്.എസ്.റ്റി. (പൊളിറ്റിക്കൽ സയൻസ്) ജൂനിയർ ആയും അടുത്ത സീനിയറായിരുന്ന ശ്രീമതി മഞ്ജുവിനെ എച്ച്.എസ്.എസ്.റ്റി ജൂനിയർ (സുവോളജി), അടുത്തസീനിയറായ ശ്രീ.സുരേന്ദ്രനാഥ് ബി. യെ എച്ച്.എസ്.എസ്.റ്റി ജൂനിയർ (മലയാളം) ആയും തൊട്ടടുത്ത സീനിയറായ പരാതിക്കാരി ശ്രീമതി.കലാറാണിയെ ഒന്നാമത്തെ എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ (മാത്സ്) ആയും നിയമിക്കേണ്ടതായിരുന്നു. ആകെ 5 - ൽ താഴെ എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികകൾ അനുവദിച്ചാലും ആദ്യത്തെ എച്ച്.എസ്.എസ്.റ്റി സീനിയർ തസ്തികയിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള 1:3 എന്ന റൊട്ടേഷൻ പ്രകാരം 1-ാമത്തെ എച്ച്.എസ്.എസ്.റ്റി. മാത്സ് ആയി ബൈട്രാൻസ്ഫർ മുഖാന്തിരം നടത്തുവാൻ ശ്രീമതി.കലാറാണി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്രകാരം നിയമനം സർക്കാർ നിശ്ചയിച്ച ചട്ട പ്രകാരം നടത്തിയിരുന്നുവെങ്കിൽ ഒന്നാമതായി ശ്രീമതി. ലതാമ്പികയും രണ്ടാമതായി ശ്രീമതി. കലാറാണിയുമായിരുന്നു പ്രിൻസിപ്പലാകേണ്ടിയിരുന്നത്.

പ്രിൻസിപ്പാളായി റിട്ടയർ ചെയ്ത ശ്രീമതി. മഞ്ജുവും നിലവിൽ പ്രിൻസിപ്പലായി തുടരുന്ന ശ്രീ. സുരേന്ദ്രനാഥും എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയി നിയമിച്ച് സീനിയറിന്റെ ശമ്പള സംരക്ഷണത്തിനു മാത്രം അർഹത ഉണ്ടായിരുന്നവർ മാത്രമായിരുന്നു. ശ്രീമതി.കലാറാണിക്ക് 09-08-2000 ത്തിൽ എച്ച്.എസ്.എസ്.റ്റി. (ഗണിതം) ആയി നിയമിക്കുവാൻ പൂർണ്ണയോഗ്യതയായ 50 ശതമാനം മാർക്കിൽ കൂടുതലോടെ ബിരുദാന്തര ബിരുദവും, ബി.എഡ്ഡും, 10-06-2000 ലെ സെറ്റ് യോഗ്യതയും ഉണ്ടായിരുന്നു.

ശ്രീമതി.കലാറാണിക്ക് 10-06-2000 പ്രാബല്യത്തിൽ സെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് ലഭ്യമായതിനെ തുടർന്ന് 2002 മുതൽ നിരവധി അപേക്ഷകൾ അന്നത്തെ മാനേജർക്കും തിരുവനന്തപുരം മേഖല ഉപ ഡയറക്ടർക്കും സമർപ്പിച്ച് 10-06-2000 പ്രാബല്യത്തിൽ ശ്രീമതി.കലാറാണിക്ക് സെറ്റ് യോഗ്യത സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ ആദ്യത്തെ എച്ച്.എസ്.എസ്.റ്റി. (ഗണിതം) ആയി നിയമിച്ച് ശ്രീമതി.ലതാമ്പികയുടെ തൊട്ടു പുറകിൽ സീനിയോറിട്ടി നിശ്ചിച്ച് ശ്രീമതി.ലതാമ്പിക വിരമിച്ചതിനെ തുടർന്ന് 01-06-2011 മുതൽ പ്രിൻസിപ്പാളായി നിയമനം ലഭിക്കണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ 01-06-2011 മുതൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ശ്രീമതി മഞ്ജുവും ശ്രീമതി മഞ്ജു വിരമിച്ചതിനെ തുടർന്ന് എച്ച്.എസ്.എസ്.റ്റി. ജൂനിയർ (മലയാളം) ആയി ബൈട്രാൻസ്ഫർ നിയമനം ലഭിച്ച ശ്രീ.സുരേന്ദ്രനാഥും പ്രിൻസിപ്പലായി. ശ്രീ. സുരേന്ദ്രനാഥ് 31.05.2026 ൽ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. ശ്രീമതി. കലാറാണിക്ക് ഇനി രണ്ടു വർഷത്തെ സർവ്വീസുകൂടി ബാക്കിയുണ്ട്.

ശ്രീമതി കലാറാണി സ്കൂൾ മാനേജർക്കും ഹയർ സെക്കന്ററി മേഖല ഉപ ഡയറക്ടർക്കും നിരവധി പരാതികൾ സമർപ്പിച്ചിട്ടും ശ്രീമതി കലാറാണിക്ക് 09-08-2000 മുതൽ എച്ച്.എസ്.എസ്.റ്റി ആയി നിയമിക്കുവാനോ 09-08-2000 മുതൽ നോഷണൽ ബെനിഫിറ്റ് നല്കി സീനിയോറിട്ടി അസൈൻ ചെയ്യുന്നതിനോ യാതൊരു നടപടിയും ഉണ്ടായില്ല. അതിനാലാണ് മറ്റ് മാർഗ്ഗമില്ലാതെ ബഹു. കോടതിയെ സമീപിക്കേണ്ടതായി വന്നത്. ഉഴമലയ്ക്കൽ എസ്.എൻ.എച്ച്.എസ്.എസിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇതുവരെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട അധികാരി അംഗീകാരം നല്കിയിട്ടില്ല. ശ്രീമതി.കലാറാണി ഇതുവരെയും നിലവിലെ സീനിയോറിട്ടി ലിസ്റ്റ് അംഗീകരിച്ച് ഒപ്പിട്ടു നല്കിയിട്ടുമില്ല.

മുകളിൽ വിവരിച്ച വസ്തുതകളും ബഹു കേരള ഹൈക്കോടതി വിധിന്യായവും കണക്കിലെടുത്ത് സർക്കാർ ഈ വിഷയം പരിശോധിച്ച് ശ്രീമതി കലാറാണിക്ക് നിഷേധിയ്ക്കപ്പെട്ട ആനുകൂല്യം അനുവദിക്കുവാൻ നിർദ്ദേശിച്ച് 09-08-2000 മുതൽ എച്ച്.എസ്.എസ്.റ്റി. കാറ്റഗറിയിൽ നിയമിച്ചതായി കണക്കാക്കി സീനിയോറിട്ടി നിശ്ചയിച്ച് സർവ്വീസ് ആനുകൂല്യവും നോഷണലായി സാമ്പത്തിക ആനുകൂല്യവും ശ്രീ. സുരേന്ദ്രനാഥിന്റെ വിരമിക്കൽ ഒഴിവിൽ പ്രിൻസിപ്പളായി നിയമിക്കുവാൻ മാനേജർക്ക് നിർദ്ദേശം നല്കി അതനുസരിച്ച് നിയമനം അംഗീകരിക്കുവാൻ തിരുവനന്തപുരം ഹയർ സെക്കണ്ടറി മേഖല ഉപ ഡയറക്ടർക്കും നിർദ്ദേശം നല്കണമെന്ന് അപേക്ഷിക്കുന്നു.

**3. ശ്രീ. രഞ്ജു എം. കുമാറിന്റെയും ശ്രീമതി ശ്രീലത കെ. എൽ. ന്റെയും വാദങ്ങൾ:-**

തിരുവനന്തപുരം ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ ആണ് SNHSS, ഉഴമലയ്ക്കൽ.

ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ WA Nos. 2796/2001, 1030/2001, 1159/2001 മേലുള്ള 27.07.2001 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് G.O (Rt) No. 3528/2001/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം SNHSS, ഉഴമലയ്ക്കൽ ഹയർ സെക്കന്ററി ആയി 2000-2001 വർഷം പ്രാബല്യത്തിൽ അപ്ഗ്രേഡ് ചെയ്തിട്ടുള്ളതാണ്.

ഹയർ സെക്കന്ററി ഡയറക്ടറുടെ Acd/B-5/19877/2002/HSE dated 22.06.2002, Acd/B5/19877/2002/HSE dated 09.12.2005 നമ്പർ ഉത്തരവുകൾ പ്രകാരം താഴെ പറയുന്നവരുടെ നിയമനങ്ങൾ അംഗീകരിക്കുകയും/അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്.

| ക്രമ നം. | പേര് | DOB | തസ്തിക | നിയമന സ്വഭാവം | നിയമന പ്രാബല്യം |
|---|---|---|---|---|---|
| 1 | Lethambika V | 21.03.1956 | HSST (Political Science) | By - Transfer | 09.08.2000 onwards |
| 2 | Manju I | 13.03.1962 | HSST (Zoology) | By - Transfer | 09.08.2000 onwards |
| 3 | Surendranath B | 31.05.1970 | HSST( Malayalam) | By - Transfer | 09.08.2000 onwards |
| 4 | Geetha Ramachandran | 08.07.1967 | HSST (Jr) Hindi | Direct | 09.08.2000 onwards |
| 5 | Sreelatha K L | 31.05.1974 | HSST (Chemistry) | Direct | 09.08.2000 onwards |
| 6 | Ranju M Kumar | 30.05.1973 | HSST (Maths) | Direct | 30.08.2000 onwards |
| 7 | Saji G D | 31.05.1969 | HSST(Jr) Sociology | Direct | 01.09.2000 onwards |
| 8 | Smitha K B | 30.05.1973 | HSST ( English) | Direct | 18.09.2000 onwards |
| 9 | J Archana | 08.07.1967 | HSST (Physics) | Direct | 25.09..2000 onwards |
| 10 | Sunilkumar B | 14.03.1974 | HSST (Jr) Economics | Direct | 04.10.2000 onwards |

2000-2001 വർഷം സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെട്ട അവസരത്തിൽ താഴെ പറയുന്ന ബാച്ചുകളാണ് സ്കൂളിൽ അനുവദിച്ചിരുന്നത്.

(i) Biology Science - Combination Code - 01 - 2 Batches
Humanities - Combination Code - 11 - 1 Batch

ഇത്തരത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ താഴെ പറയുന്ന Subjects ആണ് 2000 വർഷം അനുവദിച്ചിട്ടുള്ളത്.

HSST

1. Physics
2. Chemistry
3. Mathematics
4. English

HSST (Jr)

1. Zoology
2. Botany
3. Malayalam
4. Hindi
5. History
6. Political Science
7. Economics
8. Sociology

2001 വർഷം മേൽപറഞ്ഞ 08 ജൂനിയർ തസ്തികകളും അപ്ഗ്രേഡ് ചെയ്ത് HSST ആയി മാറിയിട്ടുള്ളതും താഴെ പറയുന്ന 04 HSST (Jr) തസ്തികകൾ അനുവദിച്ചിട്ടുള്ളതും ആകുന്നു.

HSST (Jr)

1. Physics
2. Chemistry
3. Mathematics
4. English

പുതുതായി അപ്ഗ്രേഡ് ചെയ്യപ്പെട്ട ഹയർ സെക്കന്ററി വിഭാഗത്തിലെ HSST, HSST (Jr) അധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി മാനേജർ സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയിൽ നിർദ്ദേശിക്കപ്പെട്ട ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ/ഡെപ്യൂട്ടി കലക്ടർ/സർക്കാർ ഉദ്യോഗസ്ഥർ ഇവരിൽ ആരെങ്കിലും പങ്കെടുക്കുകയും ചെയ്തുകൊണ്ടാണ് സെലക്ഷൻ പ്രക്രിയ പൂർത്തീകരിച്ചിട്ടുള്ളത്. ബൈ-ട്രാൻസ്ഫർ നിയമനങ്ങൾക്കും നേരിട്ടുള്ള നിയമനങ്ങൾക്കും സെലക്ഷൻ കമ്മിറ്റിയുടെ ഇന്റർവ്യൂ

പ്രസ്തുത കാലങ്ങളിൽ ആവശ്യമായിട്ടുള്ളതാണ്.

സ്കൂളിലെ ജീവനക്കാരുടെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ്, സേവന പുസ്തകം (Service Book), യോഗ്യത സർട്ടിഫിക്കറ്റുകൾ, ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ എന്നിവ പരിശോധിച്ചതിനുശേഷം seniority, merit എന്നിവ പരിശോധിച്ചാണ് സെലക്ഷൻ കമ്മിറ്റി "select list" തയ്യാറാക്കേണ്ടത്.

ഇത്തരത്തിൽ സെലക്ഷൻ കമ്മിറ്റി 09.08.2000-ന് നടത്തിയ ഇന്റർവ്യൂ ദിനത്തിൽ ശ്രീമതി കലാറാണി ആർ. HSST നിയമനത്തിന് നിർബന്ധമായും നേടേണ്ട യോഗ്യതയായ SET പരീക്ഷയോ തത്തുല്യ യോഗ്യതയോ കൈവരിച്ചിട്ടില്ലാത്തതാണ്. ശ്രീമതി കലാറാണി SET യോഗ്യത നേടിയിട്ടുള്ളത് 07.03.2001 തീയതിയിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരമാണ് എന്ന് പരാതിക്കാരി ബഹു. കോടതിയിൽ സമർപ്പിച്ച Exhibit P3 പ്രകാരം വ്യക്തമാണ്. യോഗ്യത സർട്ടിഫിക്കറ്റ് യഥാസമയം സ്കൂൾ മാനേജർ മുമ്പാകെയോ സെലക്ഷൻ കമ്മിറ്റി മുമ്പാകെയോ സമർപ്പിക്കാതെയും ഇന്റർവ്യൂവിന് പങ്കെടുക്കാതെയും ശ്രീമതി കലാറാണി.ആർ എന്ന പരാതിക്കാരിയെ 09.08.2000 തീയതി മുതൽക്ക് HSST (Mathematics) തസ്തികയിൽ ഇപ്പോൾ നിയമിക്കണമെന്ന് ആവശ്യപ്പെടുന്നത് നിയമപരമായി നിലനിൽക്കാത്തതും ശരിയല്ലാത്തതും ആകുന്നു.

സെലക്ഷൻ കമ്മിറ്റിയുടെ ഇന്റർവ്യൂവിൽ പങ്കെടുക്കുകയും പൂർണ്ണ യോഗ്യത നേടിയിട്ടുള്ളതും ആയ ഞങ്ങളെ യഥാക്രമം 09.08.2000, 30.8.2000 തീയതി മുതൽക്ക് HSST (Chemistry) HSST (Maths) ആയി നിയമിക്കുകയും ആയത് HSE ഡയറക്ടറുടെ Acd/B5-19877/2002/HSE dated 22.06.2002, Aid/B5-19877/2002/HSE തീയതി 19.12.2005 നമ്പർ ഉത്തരവുകൾ പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

പെറ്റീഷണർ ആയിട്ടുള്ള ശ്രീമതി കലാറാണി ആർ എന്നിവരുടെ നിയമനങ്ങൾ താഴെ പറയും പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്.

UPST - 03.06.1996
HST (Mathematics) - 01.06.1998
HSST (Jr) Mathematics - 04.09.2001
HSST (Jr) ആയുള്ള നിയമനം Acd.B5/32624/HSE/07 dated 25.06.2007 ഉത്തരവ് പ്രകാരം HSE ഡയറക്ടർ അംഗീകരിച്ചിട്ടുള്ളതാണ്.

HST (Mathematics) ആയി 01.06.1998 മുതൽക്ക് മാത്രം നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവന്നിരുന്ന ശ്രീമതി.കലാറാണി.ആർ എന്നയാൾക്ക് HSST/HSST (Jr) ആയി ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്നതിന് SET യോഗ്യതയോ തത്തുല്യ യോഗ്യതയോ നിർബന്ധമാണ്. എന്നാൽ ടിയാരിയുടെ SET യോഗ്യത (Roll No. 3797/2000) സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തത് 07.03.2001-ന് ആണ്. ഇത്തരത്തിൽ ടിയാരി HSST (Jr) (Mathematics) തസ്തികയിൽ By transfer method ൽ നിയമിക്കപ്പെടുന്നതിന് പൂർണ്ണ യോഗ്യത നേടുന്നത് 07.03.2001 തീയതി മുതൽക്ക് മാത്രമാണ്. ആയതിനാൽ HSST കേഡറിൽ ടിയാരിയെ

ഉൾപ്പെടുത്തുന്നതിനോ സീനിയോറിറ്റി നൽകുന്നതിനോ സാധ്യമല്ലാത്തതാണെന്നതിനാൽ ടിയാരിയുടെ ആവശ്യം നിരസിച്ച് ഉത്തരവാകേണ്ടതാണ്.

KER Chapter XIVA Rule 37-ൽ സീനിയോറിറ്റി സംബന്ധിച്ച് താഴെ പറയും പ്രകാരമാണ് പ്രതിപാദിച്ചിട്ടുള്ളത്.

"Seniority of a teacher in any grade in any unit shall be decided with reference to the length of continuous service in that grade in that unit provided he is duly qualified for the post."

സീനിയോറിറ്റി സംബന്ധിച്ച് ബഹു. കോടതികളുടെ വിധിന്യായങ്ങളുടെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

Seniority list cannot be challenged after it had become final and after along delay and unsettle the settled position for years. Usha devi v. State of Kerala 2002 (1) KLT 615, II.R 2002 (1) KER 93 (P.K.Balasubramanian & M. Ramachandran JJ) SLP No. 10899/2002 and 10900/2002 was dismissed by the SC)

Seniority list cannot be challenged after a period of six years O. Balan and others v. State of Kerala - Judgment dated 14.08.2002in W.A. No. 1135/97 (K.S. Radhakrishnan V. K.A. Mohammed Shafi JJ)

Seniority has to be determined on the principle of length of continuous officiation reckoned from the date of first appointment: Ambikadevi v. State of Kerala. Judgment dt. 18.07.2007 in W.A. No. 33/2006 (F.B). (J.B. Koshy. A.K Basheer and K.P. Balachandran JJ).

A person who enjoyed a seniority position for quite some time is entitled to sit back, Pavithran v. State of Kerala. 2009 (4) KLT 20 (FB). (K.Balakrishnan Nair, v. Giri and P.S. Gopinathan JJ) (2002 (1) KLT 615-affirmed) (W.A. No. 423/1989 overruled)

Sit Back Theory: Once seniority has been fixed and it remains in existence

for a reasonable period, any change to the same should not be entertained. Shiba Sankar Mohapatra v. State of Orissa 2010 (1) KLT SN 1 (SC) (Tarun Chatterjee and B.S Chauhan JJ)

6 വർഷത്തിന് ശേഷം സീനിയോറിറ്റി ലിസ്റ്റ് ചോദ്യം ചെയ്യുവാൻ അവകാശമില്ല. എന്നാണ് O. Balan and Others Vs State of Kerala എന്ന കേസിന്മേൽ (ബഹു. കേരള ഹൈക്കോടതിയുടെ WA No. 1135/97) വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ 09.08.2000 മുതൽക്കും 30.08.2000 മുതൽക്കും HSST തസ്തിക യിൽ സീനിയോറിറ്റി അനുഭവിച്ചുവരുന്ന

ശ്രീലത.കെ.എൽ (HSST-Chemistry), രഞ്ജു എം. കുമാർ (HSST-Maths) എന്നവരുടെ സീനിയോറിറ്റിയെ ദോഷകരമായി ബാധിക്കുന്നതുകൊണ്ടും HSST (Mathematics) തസ്തികയിൽ ജോലി ചെയ്ത് ശമ്പളം വാങ്ങിച്ചിട്ടുള്ള ശ്രീമതി.കലാറാണി ആർ. എന്നയാളുടെ നിയമനം HSST (Mathematics) തസ്തികയിൽ നോഷണലായി 09.08.2000 മുതൽക്ക് അംഗീകരിക്കണമെന്നുള്ള ആവശ്യം നിരസിക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽ നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 07.03.2001-ന് മാത്രം SET യോഗ്യത നേടിയിട്ടുള്ളതും ആയതനുസരിച്ച് സെലക്ഷൻ കമ്മിറ്റിയുടെ ഇന്റർവ്യൂവിന് ഹാജരായി by-transfer method ൽ 04.09.2001 മുതൽക്ക് HSST (Jr) Mathematics ആയി മാത്രം നിയമിക്കപ്പെടുകയും നിലവിലും HSST (Jr) Mathematics) ആയി തുടരുകയും ചെയ്തുവരുന്ന ശ്രീമതി കലാറാണി ആർ. എന്നയാൾക്ക് സുദീർഘമായ 24 വർഷങ്ങൾക്കുശേഷം മുൻകാല പ്രാബല്യം നൽകുന്നതിന് നിയമപരമായ സാധുത ഇല്ലാത്തതിനാൽ പെറ്റീഷണറുടെ ആവശ്യം നിരസിച്ചുകൊണ്ടും ഞങ്ങളുടെ HSST കേഡറിലെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ടും ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**<u>4. മാനേജരുടെ വാദങ്ങൾ:-</u>**

ഉഴമലയ്ക്കൽ ശ്രീനാരായണ ഹൈസ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം 2000-ൽ അനുവദിക്കുകയുണ്ടായി. അന്നു നിലവിലുണ്ടായിരുന്ന വ്യവസ്ഥ പ്രകാരം അനുവദിക്കപ്പെട്ട തസ്തികകളുടെ 20% ഒഴിവുകൾ UPS/HS വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരെ 'By Transfer' രീതിയിൽ നിയമിക്കേണ്ടത് ഉണ്ടായിരുന്നു. ഹയർസെക്കൻഡറി വിഭാഗത്തിലെ വിവിധ വിഷയങ്ങളിൽ അധ്യാപകരെ 26% ഒഴിവുകളിൽ നിയമിക്കുന്നതിനുവേണ്ടി UPS/HS വിഭാഗങ്ങളിൽ ജോലി ചെയ്തിരുന്ന അധ്യാപകരുടെ യോഗ്യതയും സേവന കാലവും പരിശോധിച്ചു. 2000-2001 വർഷം ഉണ്ടായ ഒഴിവിൽ വർഷാദ്യം എല്ലായോഗ്യതയും നേടിയ അധ്യാപകരെ സീനിയോറിറ്റി അടിസ്ഥാനത്തിൽ 25% ക്വാട്ടയിലേക്ക് പരിഗണിച്ച് നിയമിക്കുകയുണ്ടായി.

പരാതിക്കാരിയായ അധ്യാപികയ്ക്ക് സെറ്റ് യോഗ്യതയോ സെറ്റ് പരീക്ഷയിൽ നിന്ന് ഇളവ് നേടുന്നതിനുള്ള സേവനകാലമോ ഇല്ലായിരുന്നു. ആയതിനാൽ HSST(Maths) ആയി നിയമിക്കപ്പെടാൻ UPS/HS വിഭാഗത്തിൽ പൂർണ്ണ യോഗ്യത നേടിയ ആരും ഇല്ലാതിരുന്ന സാഹചര്യത്തിൽ നേരിട്ട് നിയമനം നടത്തുകയുണ്ടായി. പരാതിക്കാരിക്ക് സെറ്റ് പരീക്ഷയിൽ ഉണ്ടായ തോൽവിയും പിന്നീട് നേടിയ ജയവും മാനേജ്മെന്റിന്റെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയമല്ല. പരാതിക്കാരി യോഗ്യത നേടുന്നതുവരെ ഒഴിവു നികത്തുന്നതിന് കാത്തിരിക്കണം എന്നത് നിയമദൃഷ്ട്യ ശരിയും അല്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മാനേജ്മെന്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചത്.

ഒഴിവു വരുന്ന തീയതിയിൽ പൂർണ്ണയോഗ്യതനേടിയിട്ടുള്ള ജീവനക്കാരിൽ സീനിയർ ആയ ആൾക്ക് സ്ഥാനകയറ്റം നൽകണം എന്നത് എപ്പോഴും നിലനിൽക്കുന്ന നിയമ വ്യവസ്ഥയാണെന്ന് മനസ്സിലാക്കുന്നു. ഒഴിവുണ്ടാകുന്ന ദിവസം സീനിയർ യോഗ്യത

നേടിയിട്ടില്ലെങ്കിൽ യോഗ്യത നേടുന്നതുവരെ നിയമനം നീട്ടിവയ്ക്കുന്നത് നിയമവിരുദ്ധമാണെന്ന് കാണുന്നു. പരാതിക്കാരി പൂർണ്ണയോഗ്യത നേടിയതായി രേഖകൾ ഹാജരാക്കിയപ്പോൾ 2001-ൽ ഉണ്ടായ ഒഴിവിൽ ടിയാളെ HSST(Maths) ആയി നിയമിച്ചിട്ടുണ്ട്.

മേല്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിയമനാധികാരിയായ സ്കൂൾ മാനേജർ സ്വീകരിച്ച നടപടിയിൽ യാതൊരുവിധ വീഴ്ച്ചയും ഉണ്ടായിട്ടില്ലായെന്ന വസ്തുത അറിയിക്കുന്നു.

**<u>5. വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:-</u>**

തിരുവനന്തപുരം ജില്ലയിലെ ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിൽ ഹയർസെക്കൻഡറി കോഴ്സ് അനുവദിക്കുന്നത് 2000 ൽ ആണ്. പ്രസ്തുത കാലയളവിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ 25% തസ്തികകളിലേക്ക് യോഗ്യതയുള്ള HST/UPST അധ്യാപരിൽ നിന്നും നിയമനം നടത്തി അംഗീകാരം നൽകിയിരുന്നു. എന്നാൽ പരാതിക്കാരിയായ ശ്രീമതി. കലാറാണി ആർ. ന് SET യോഗ്യതയോ SET യോഗ്യതയിൽ നിന്നും ഇളവ് നേടുന്നതിനുള്ള സേവനകാലമോ ടി കാലയളവിൽ ഇല്ലായിരുന്നു. അതിനാൽ തന്നെ HSST ഗണിതം തസ്തികയിൽ യോഗ്യരായ ജീവനക്കാർ HST/UPST തസ്തികകളിൽ ഇല്ലാത്തതിനാൽ നേരിട്ടുള്ള നിയമനം നടത്തുകയായിരുന്നു. തുടർന്ന് ടിയാൾ 2001 ൽ പൂർണ്ണയോഗ്യത നേടിയപ്പോൾ ഉണ്ടായ ഒഴിവിൽ ടിയാൾക്ക് HSST ഗണിതം ആയി നിയമനം നൽകിയിട്ടുണ്ട്. 2023 വരെയുള്ള 22 വർഷക്കാലം സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടണം എന്ന് ആവശ്യപ്പെട്ട് യാതൊരു പരാതിയും പ്രസ്തുത കാലയളവിൽ ശ്രീമതി.കലാറാണി ഉന്നയിച്ചിട്ടില്ലാത്തതാണ്. 22 വർഷക്കാലം ഹയർ സെക്കൻഡറിയിൽ സേവനമനുഷ്ഠിച്ചിട്ടും നാളിതുവരെ സീനിയോറിറ്റി പുനസ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ട് മാനേജ്മെന്റിനു മുൻപാകെയൊ, തിരുവനന്തപുരം ആർ.ഡി.ഡി-യുടെ കാര്യാലയത്തിലോ യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടില്ലാത്തതിനാൽ തന്നെ ടിയാളുടെ പരാതി പരിഗണനാർഹമല്ല എന്ന് കാണുന്നു.

**<u>6. മേൽ വസ്തുതകൾ, ഹിയറിംഗ് സമയത്തെ വാദങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, ലഭ്യമായ റിപ്പോർട്ടുകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.</u>**

തിരുവനന്തപുരം ജില്ലയിൽ ഉഴമലയ്ക്കൽ ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിൽ എച്ച് എസ് എസ് ടി ആയ ശ്രീമതി കലാറാണി ആർ നെ 9/8/2000 മുതൽ എച്ച് എസ് എസ് ടി കാറ്റഗറിയിൽ നിയമിച്ചതായി കണക്കാക്കി പ്രസ്തുത തീയതി മുതൽ സീനിയോറിറ്റി നിശ്ചയിച്ച് സർവ്വീസ് ആനുകൂല്യങ്ങളും നോഷണലായി സാമ്പത്തിക ആനുകൂല്യവും നൽകണമെന്നതാണ് Ext. P6 നിവേദനത്തിലെ ആവശ്യം.

പ്രസ്തുത സ്കൂളിൽ ഹയർസെക്കന്ററി കോഴ്സ് അനുവദിക്കുന്നത് 2000 ൽ ആണ്. അന്ന് അനുവദിക്കപ്പെട്ട തസ്തികകളിൽ 25 % യോഗ്യതയുള്ള HSST/UPST ജീവനക്കാരിൽ നിന്നും നിയമനം നടത്തിയിരുന്നു. സർക്കാർ പ്രതിനിധി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി കൂടിയാണ് ബൈട്രാൻസ്ഫർ നിയമനവും നേരിട്ടുള്ള നിയമനവും നടത്തിയിരിക്കുന്നത്. പ്രസ്തുത കാലയളവിൽ

ഹൈസ്കൂളിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനത്തിനും സർക്കാർ നോമിനി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി കൂടിയാണ് നിയമിക്കുന്നത്. ടി സെലക്ഷൻ കമ്മിറ്റി കൂടിയ സമയത്ത് ഹർജിക്കാരിയായ ശ്രീമതി കലാറാണി ആർ. ന് SET യോഗ്യതയോ SET യോഗ്യതയിൽ നിന്നും ഇളവ് നേടുന്നതിനുള്ള സേവനകാലമോ ഇല്ലായിരുന്നു. അതിനാൽ തന്നെ HSST ഗണിതം തസ്തികയിൽ യോഗ്യരായ ജീവനക്കാർ ഇല്ലാത്തതിനാൽ നേരിട്ടുള്ള നിയമനം നടത്തുകയായിരുന്നു. ശ്രീമതി. കലാറാണി 2001 ൽ പൂർണ്ണ യോഗ്യത നേടിയപ്പോൾ (സെറ്റ് പരീക്ഷ പാസ്സായി സർട്ടിഫിക്കറ്റ് ലഭിച്ചത് 7.3.2001 ൽ മാത്രമായിരുന്നു) ഉണ്ടായ ആദ്യത്തെ ഒഴിവിൽ ടിയാൾക്ക് HSST ഗണിതം ആയി നിയമനം നൽകിയിട്ടുണ്ട്. 4.9.2001 മുതലുള്ള ഹർജിക്കാരിയുടെ നിയമനം ഹയർ സെക്കന്ററി ഡയറക്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

SET പരീക്ഷയുടെ തെറ്റായ മൂല്യനിർണ്ണയം മൂലമാണ് തനിക്ക് യോഗ്യത ലഭിക്കാതിരുന്നതെന്നും അതിനാൽ തന്റെ സീനിയോറിറ്റി അംഗീകരിച്ച് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2023 വരെയുള്ള 22 വർഷക്കാലം ഹർജിക്കാരി യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ലാത്തതാണ്. 22 വർഷക്കാലം ഹയർസെക്കന്ററിയിൽ സേവനമനുഷ്ഠിച്ചിട്ടും നാളിതുവരെ സീനിയോറിറ്റി പുന:സ്ഥാപിച്ച് കിട്ടണമെന്ന് ആവശ്യപ്പെട്ട് മാനേജ്മെന്റിനു മുമ്പാകെയോ, ആർ.ഡി.ഡി മുമ്പാകെയോ യാതൊരു അവകാശവാദവും ഉന്നയിച്ചിട്ടില്ലാത്തതിനാൽ തന്നെ ഹർജിക്കാരിയുടെ ആവശ്യം പരിഗണനാർഹമല്ല. മാത്രമല്ല, സെലക്ഷൻ കമ്മിറ്റി കൂടി നടത്തിയ നിയമനം റദ്ദാക്കുവാനും സാധിക്കുകയില്ല.

സെലക്ഷൻ കമ്മിറ്റി 09.08.2000-ന് നടത്തിയ ഇന്റർവ്യൂ ദിനത്തിൽ ശ്രീമതി. കലാറാണി ആർ HSST നിയമനത്തിന് നിർബന്ധമായും നേടേണ്ട യോഗ്യതയായ SET പരീക്ഷയോ തത്തുല്യ യോഗ്യതയോ നേടിയിട്ടില്ലാത്തതാണ്. ശ്രീമതി. കലാറാണി SET യോഗ്യത നേടിയിട്ടുള്ളത് 07.03.2001 തീയതിയിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരമാണ്. യോഗ്യത സർട്ടിഫിക്കറ്റ് യഥാസമയം സ്കൂൾ മാനേജർ മുമ്പാകെയോ സെലക്ഷൻ കമ്മിറ്റി മുമ്പാകെയോ സമർപ്പിക്കുകയോ ഇന്റർവ്യൂവിന് പങ്കെടുക്കുകയോ ചെയ്യാതെ ശ്രീമതി.കലാറാണി.ആർ 09.08.2000 തീയതി മുതൽക്ക് HSST (Mathematics) തസ്തികയിൽ ഇപ്പോൾ നിയമിക്കണമെന്ന് ആവശ്യപ്പെടുന്നത് ചട്ടത്തിന് വിരുദ്ധമാണ്.

HST (Mathematics) ആയി 01.06.1998 മുതൽക്ക് മാത്രം നിയമനാംഗീകാരത്തോടെ ജോലി ചെയ്തുവന്നിരുന്ന ഹർജിക്കാരിക്ക് HSST/HSST (Jr) ആയി ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്നതിന് SET യോഗ്യതയോ തത്തുല്യ യോഗ്യതയോ നിർബന്ധമാണ്. എന്നാൽ ടിയാളുടെ SET യോഗ്യത സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തത് 07.03.2001-ന് ആണ്. ആയതിനാൽ ടിയാൾ HSST (Jr) (Mathematics) തസ്തികയിൽ By transfer മുഖേന നിയമിക്കപ്പെടുന്നതിന് പൂർണ്ണ യോഗ്യത നേടുന്നത് 07.03.2001 തീയതി മുതൽ മാത്രമാണ്.

KER Chapter XIVA Rule 37-ൽ സീനിയോറിറ്റി സംബന്ധിച്ച് താഴെ പറയും പ്രകാരമാണ് പ്രതിപാദിച്ചിട്ടുള്ളത്.

"Seniority of a teacher in any grade in any unit shall be decided with reference to the length

of continuous service in that grade in that unit provided he is duly qualified for the post."

സീനിയോറിറ്റി സംബന്ധിച്ച ബഹു. കോടതി വിധികൾ ഇപ്രകാരമാണ്.

Seniority list cannot be challenged after it had become final and after along delay and unsettle the settled positiion for years. Usha devi v. State of Kerala 2002 (1) KLT 615, II.R 2002 (1) KER 93 (P.K.Balasubramanian & M. Ramachandran JJ) SLP No. 10899/2002 and 10900/2002 was dismissed by the SC)

Seniority list cannot be challenged after a period of six years O. Balan and others v. State of Kerala - Judgment dated 14.08.2002in W.A. No. 1135/97 (K.S. Radhakrishnan V. K.A. Mohammed Shafi JJ)

6 വർഷത്തിന് ശേഷം സീനിയോറിറ്റി ലിസ്റ്റ് ചോദ്യം ചെയ്യുവാൻ അവകാശമില്ല എന്നാണ് O. Balan and Others Vs State of Kerala എന്ന കേസിൽ (WA No. 1135/97) ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ 09.08.2000 മുതലും 30.08.2000 മുതലും HSST തസ്തിക യിൽ സീനിയോറിറ്റി അനുഭവിച്ചുവരുന്ന അധ്യാപകരുടെ സീനിയോറിറ്റിയെ ബാധിക്കുകയും ആയത് കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യും.

07.03.2001-ന് മാത്രം SET യോഗ്യത നേടിയിട്ടുള്ളതും ആയതനുസരിച്ച് സെലക്ഷൻ കമ്മിറ്റിയുടെ ഇന്റർവ്യൂവിന് ഹാജരായി ബൈട്രാൻസ്ഫർ നിയമനത്തിലൂടെ 04.09.2001 മുതൽക്ക് HSST (Jr) Mathematics ആയി നിയമിക്കപ്പെട്ട ശ്രീമതി.കലാറാണി. ആർ ന് 24 വർഷങ്ങൾക്കുശേഷം മുൻകാല പ്രാബല്യം ആവശ്യപ്പെടുന്നത് അംഗീകരിക്കാനാവില്ല. നിയമനാംഗീകാരം ലഭിച്ച് 22 വർഷങ്ങൾക്ക് ശേഷം നിയമനാംഗീകാരം പുനപരിശോധിക്കുന്നത് പ്രായോഗികവുമല്ല. ഒഴിവു വരുന്ന തീയതിയിൽ പൂർണ്ണയോഗ്യതനേടിയിട്ടുള്ള ജീവനക്കാരിൽ സീനിയർ ആയ ആൾക്ക് സ്ഥാനകയറ്റം നൽകണം എന്നതിനാലും ഒഴിവുണ്ടാകുന്ന ദിവസം സീനിയർ യോഗ്യത നേടിയിട്ടില്ലെങ്കിൽ യോഗ്യത നേടുന്നതുവരെ നിയമനം നീട്ടിവെയ്ക്കാനാവില്ലെന്നും ഹർജിക്കാരി പൂർണ്ണയോഗ്യത നേടിയതായി രേഖകൾ ഹാജരാക്കിയപ്പോൾ 2001-ൽ ഉണ്ടായ ഒഴിവിൽ ടിയാളെ HSST(Maths) ആയി നിയമിച്ചിട്ടുണ്ടെന്നും മാനേജരും അറിയിച്ചിട്ടുണ്ട്.

7. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും റഗുലർ പ്രൊമോഷൻ, സമയ ബന്ധിത ഹയർ ഗ്രേഡ്, റേഷ്യോ പ്രൊമോഷൻ മുഖാന്തരമുള്ള ശമ്പള സ്കെയിൽ വ്യത്യാസം, ജൂനിയർ-സീനിയർ ശമ്പള വ്യത്യാസം, തുടങ്ങിയ അപാകതകൾ, ശമ്പള പരിഷ്കരണ ഉത്തരവുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എന്നിവ, കോടതി നിർദ്ദേശങ്ങൾ, ഓഡിറ്റ് തടസ്സവാദങ്ങൾ ഉള്ളവ ഒഴികെ, അർഹത വരുന്ന തീയതി മുതൽ അഞ്ചു വർഷം അല്ലെങ്കിൽ അടുത്ത ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്ന തീയതി മുതൽ 2 വർഷം വരെയുള്ളത് ഏതാണോ ആദ്യം വരുന്നത്, ആ കാലയളവിനുള്ളിലെ മാത്രമേ പരിഹരിക്കാനാകൂ എന്നും അല്ലാത്ത പക്ഷം പ്രസ്തുത അപാകതകൾ സ്വയമേവ കാലഹരണപ്പെട്ടതാകുമെന്നും 31.10.2019-ലെ സ.ഉ.(പി)നം.145/2019/ധന ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

കൂടാതെ SET പരീക്ഷയുടെ തെറ്റായ മൂല്യനിർണ്ണയം മൂലമാണ് തനിക്ക് യോഗ്യത ലഭിക്കാതിരുന്നതെന്നും യഥാസമയം സെറ്റ് പരീക്ഷ പാസായ സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നുവെങ്കിൽ ബൈട്രാൻസഫർ നിയമനങ്ങൾ നടത്തപ്പെട്ട 09-08-2000 മുതൽ HSST ഗണിതം തസ്തികയിലെ ബൈട്രാൻസഫർ നിയമനത്തിന് തനിക്ക് അർഹതയുണ്ടായിരുന്നുവെന്നും ഇപ്രകാരം തന്റേതല്ലാത്ത കാരണത്താൽ സെറ്റ് പരീക്ഷ പാസായ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകിയതിനാൽ അർഹതപ്പെട്ട സ്ഥാനക്കയറ്റം നഷ്ടപ്പെട്ടതാണെന്ന ശ്രീമതി.കലാറാണി.ആർ-ന്റെ അവകാശ വാദങ്ങൾ കണക്കിലെടുത്താൽ തന്നെ വർഷങ്ങൾക്കു ശേഷം സീനിയോറിറ്റി പുനർനിർണ്ണയിക്കുന്നത് sit back theory പ്രകാരം വിവിധ കോടതിവിധികളുടെ അടിസ്ഥാനത്തിൽ അനുവദനീയമല്ല. ആയതിനാൽ 9/8/2000 മുതൽ എച്ച് എസ് എസ് ടി കാറ്റഗറിയിൽ നിയമിച്ചതായി കണക്കാക്കി പ്രസ്തുത തീയതി മുതൽ സീനിയോറിറ്റി നിശ്ചയിച്ച് സർവ്വീസ് ആനുകൂല്യങ്ങളും നോഷണലായി സാമ്പത്തിക ആനുകൂല്യവും നൽകണമെന്ന ശ്രീമതി.കലാറാണി.ആർ-ന്റെ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

SET പരീക്ഷയുടെ തെറ്റായ മൂല്യനിർണ്ണയം മൂലമാണ് തനിക്ക് യോഗ്യത ലഭിക്കാതിരുന്നതെന്നും അതിനാൽ 09.08.2000 തീയതി മുതൽക്ക് HSST (Mathematics) തസ്തികയിൽ തന്റെ സീനിയോറിറ്റി അംഗീകരിച്ച് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2023 വരെയുള്ള 22 വർഷക്കാലം ഹർജിക്കാരി യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ലെന്ന് കാണുന്നു.

Bichitrananda Behera vs State Of Orissa And Ors. on 11 October, 2023 (SPECIAL LEAVE PETITION (CIVIL) NO.16238 OF 2017)

"Doctrine of acquiescence is an equitable doctrine which applies when a party having a right stands by and sees another dealing in a manner inconsistent with that right, while the act is in progress and after violation is completed, which conduct reflects his assent or accord. He cannot afterwards complain. [See Prabhakar v. Sericulture Deptt., (2015) 15 SCC 1 : (2016) 2 SCC (L&S) 149. Also, see Gobinda Ramanuj Das Mohanta v. Ram Charan Das, 1925 SCC OnLine Cal 30 : AIR 1925 Cal 1107] In literal sense, the term acquiescence means silent assent, tacit consent, concurrence, or acceptance, [See Vidyavathi Kapoor Trust v. CIT, 1991 SCC OnLine Kar 331 : (1992) 194 ITR 584] which denotes conduct that is evidence of an intention of a party to abandon an equitable right and also to denote conduct from which another party will be justified in inferring such an intention. [See Krishan Dev v. Ram Piari, 1964 SCC OnLine HP 5 : AIR 1964 HP 34] Acquiescence can be either direct with full knowledge and express approbation, or indirect where a person having the right to set aside the action stands by and sees another dealing in a manner inconsistent with that right and in spite of the infringement takes no action mirroring acceptance. [See "Introduction", U.N. Mitra, Tagore Law Lectures — Law of Limitation and Prescription, Vol. I, 14th Edn., 2016.] However, acquiescence will not apply if lapse of time is of no importance or consequence."

The State Of Tamil Nadu vs R Sasipriya CIVIL APPEAL NOS.6883-6884 OF 2026 [Arising out of SLP (C) Nos. 14666 – 14667 of 2025)-ൽ **ബഹു. സുപ്രീം കോടതി ചുവടെ പറയും പ്രകാരം നിരീക്ഷിച്ചിട്ടുള്ളതാണ്,-**

"25.2. This Court finds him to be a fence-sitter. It is settled law that fence-sitters cannot be permitted to raise a dispute relating to seniority and consequential promotion or challenge the validity of an order after the matter has concluded. No party can claim relief as a matter of right, and one of the well-recognised grounds for refusing relief is that the person approaching the Court is guilty of delay and laches. A court exercising public law jurisdiction does not encourage the agitation of stale claims, particularly in matters of seniority and promotion, where the rights of third parties have crystallised in the interregnum [See Shiba Shankar Mohapatra and others v. State of Orissa and others, (2010) 12 SCC 471]. Therefore, no relief can be granted to the impleading applicant"

**9/8/2000 മുതൽ തനിക്ക് നിയമനടപടിക്കുള്ള അവകാശം ലഭിച്ചതിനുശേഷം പതിറ്റാണ്ടുകളോളം, ഉചിതമായ legal forum ത്തിൽ തന്റെ പരാതി ശ്രീമതി കലാറാണി ഉന്നയിച്ചിട്ടില്ലാത്തതാണ്.**

8. ശ്രീമതി കലാറാണി. ആർ-ന്റെ സെറ്റ് പരീക്ഷയുടെ മൂല്യനിർണ്ണയത്തിലെ പിഴവ് മൂലം യോഗ്യതാ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകിയതിനാലാണ് 09/08/2000 മുതലുള്ള HSST ഗണിതം ബൈട്രാൻസ്ഫർ നിയമനവും അർഹതപ്പെട്ട സ്ഥാനക്കയറ്റവും നഷ്ടപ്പെട്ടതെന്ന വാദം കണക്കിലെടുത്താൽത്തന്നെ, വർഷങ്ങൾക്ക് ശേഷം സീനിയോറിറ്റി പുനർനിർണ്ണയിക്കുന്നത് 'sit back theory' പ്രകാരം അനുവദനീയമല്ല. സ്വന്തം വ്യക്തിഗത അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ കൃത്യസമയത്ത് പ്രതികരിക്കാതെ നിശബ്ദത പാലിക്കുകയും കാര്യങ്ങൾ പൂർത്തിയായ ശേഷം വൈകി പരാതിയുമായി എത്തുകയും ചെയ്യുന്നവർക്ക് ("Fence-sitters") അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനാവില്ലെന്ന് വിവിധ കോടതി വിധികൾ വ്യക്തമാക്കുന്നുണ്ട്. സ്വന്തം അവകാശം ലംഘിക്കപ്പെടുന്നത് അറിഞ്ഞിട്ടും മിണ്ടാതിരിക്കുന്നത് ആ പ്രവൃത്തിയെ അംഗീകരിക്കുന്നതിന് തുല്യമായതിനാലും (Doctrine of Acquiescence), പ്രത്യേകിച്ച് ജോലിയിലെ സീനിയോറിറ്റി, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങളിൽ തക്കസമയത്ത് ചോദ്യം ചെയ്യാതെ കാലതാമസം വരുത്തുകയും, മറ്റ് ജീവനക്കാരുടെ അവകാശങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്ത ശേഷം വളരെ വൈകി നൽകുന്ന പഴകിയ ഹർജികൾ കോടതികൾ പ്രോത്സാഹിപ്പിക്കുകയോ ആശ്വാസം നൽകുകയോ ഇല്ലെന്ന് കാണുന്നു. വർഷങ്ങളോളം പരാതി ഉന്നയിക്കാതിരുന്നതിനാലും, 09/08/2000 മുതൽ എച്ച്.എസ്.എസ്.ടി കാറ്റഗറിയിൽ നിയമിച്ചതായി കണക്കാക്കി പ്രസ്തുത തിയതി മുതൽ സീനിയോറിറ്റി നിശ്ചയിച്ച് സർവ്വീസ് ആനുകൂല്യങ്ങളും നോഷണലായി സാമ്പത്തിക ആനുകൂല്യങ്ങളും നൽകണമെന്ന ശ്രീമതി കലാറാണി.ആർ-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**8 .** ഇപ്രകാരം ശ്രീമതി. കലാറാണി ആർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 2070/2026 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 22.01.2026 ലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് മുഖേന)

ശ്രീമതി കലാറാണി, എച്ച്.എസ്.എസ്.റ്റി. (ഗണിതം),

എസ്.എൻ. എച്ച്.എസ്.എസ്. ഉഴമലയ്ക്കൽ, തിരുവനന്തപുരം-695 541.

മാനേജർ, എസ്.എൻ. എച്ച്.എസ്.എസ്. ഉഴമലയ്ക്കൽ, തിരുവനന്തപുരം-695541

ശ്രീമതി.ശ്രീലത .കെ എൽ, എച്ച്. എസ്.എസ്.റ്റി, എസ്.എൻ.എച്ച്.എസ്.എസ്, ഉഴമലയ്ക്കൽ, തിരുവനന്തപുരം.

ശ്രീ. രഞ്ജു എം കുമാർ, എച്ച്. എസ്.എസ്.റ്റി, എസ്.എൻ.എച്ച്.എസ്.എസ്, ഉഴമലയ്ക്കൽ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കന്ററി വിദ്യാഭ്യാസം), പാളയം, തിരുവനന്തപുരം-690 101.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (ജെ.എ.2/79/2026-പൊ.വി.വ. തീയതി 12.05.2026 പ്രകാരം).

ധനകാര്യ (എഡ്യൂക്കേഷൻ - ബി) വകുപ്പ് (E:3527930/EDN-B1/246/2026-FIN തീയതി 16.06.2026 പ്രകാരം).

നിയമ (ഉപദേശ-എഫ്) വകുപ്പ് (OPN-F1/160/2026-LAW തീയതി 21.07.2026 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ3/24/2026/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം

Digitally signed by
Aji Kumar R
Date: 31-07-2026
10:30:00

സെക്ഷൻ ഓഫീസർ